ഉത്തരം

(എ) 177 പേർക്ക്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

രാജ്യം		എണ്ണം
സിംഗപ്പൂർ	-	79
സൗദി അറേബ്യ	-	51
ഖത്തർ	-	15
ബ്രൂണോയ്	-	12
യു.എ.ഇ	-	8
മലേഷ്യ	-	6
കുവൈറ്റ്	-	5
ബഹറിൻ	-	1
ആകെ	-	177

(സി) താഴെ പറയുന്ന ട്രെയിഡുകളിലാണ് നിയമനം നടന്നിട്ടുള്ളത്.

ഡോക്ടർ	- 2
പാരാമെഡിക്കൽ	- 34
എഞ്ചിനീയർ	- 7
ടെക്നീഷ്യൻ (ഐ.ടി.ഐ., എ.സി. മെക്കാനിക് എന്നിവർ)	- 51
സെയിൽസ്മാൻ	- 4
എയർലൈൻ ക്ലാർക്ക്/ ജനറൽ ക്ലാർക്ക്	- 7
തൊഴിലാളികൾ	- 72
ആകെ	- 177

100 (2791) സ്വകാര്യ പണമിടപാട് കമ്പനികളിലെ ജീവനക്കാർക്ക് മിനിമം വേജസ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളായ കുറികമ്പനികളിലെ ജീവനക്കാർക്ക് പ്രത്യേകമായി ഒരു മിനിമം വേജസ് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

332/2010

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി പ്രത്യേകമായി മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി ട്രേഡ് യൂണിയനുകളിൽനിന്ന് പാനൽ വാങ്ങിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഇത്തരം എത്ര സ്ഥാപനങ്ങൾ ഉണ്ട്; ഈ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാർ ഉണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) കുറികമ്പനികളിലെ തൊഴിലാളികൾക്ക് പ്രത്യേകമായി മിനിമം വേജസ് നിശ്ചയിക്കുന്നതിനുവേണ്ടി ഒരുമിനിമം വേതന കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തൊഴിലുടമാ-തൊഴിലാളി പ്രതിനിധികളിൽനിന്നും പാനൽ സ്വീകരിച്ചുവരുന്നു.

(സി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ഈ മേഖലയിൽ ഏകദേശം 4384-ഓളം തൊഴിലാളികൾ പണിയെടുക്കുന്നു.

101 (2792) പൊൻമുടി എസ്റ്റേറ്റിലെ തൊഴിലാളികൾ

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി എസ്റ്റേറ്റിൽ ആകെ എത്ര തൊഴിലാളികൾ ഉണ്ട്;

(ബി) ഇവർക്ക് തൊഴിൽ ലഭിക്കാതായിട്ട് എത്ര കാലമായി;

(സി) ഈ എസ്റ്റേറ്റ് ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുവാനോ അതിന്റെ ഉടമസ്ഥരെക്കൊണ്ടുതന്നെ പ്രവർത്തിപ്പിക്കുവാനോ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) അവിടെനിന്ന് പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും ഗ്രാറ്റുവിറ്റിയും കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആനുകൂല്യങ്ങൾ കൊടുക്കുവാൻ നടപടിയെടുക്കുമോ;

(ഇ) തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പിടിച്ച പ്രൊവിഡന്റ് ഫണ്ട് പി.എഫ്. അക്കൗണ്ടിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആ തുക പി.എഫിൽ അടപ്പിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 164 സ്ഥിരം തൊഴിലാളികളും 250-ഓളം താൽക്കാലിക തൊഴിലാളികളും ഉണ്ട്.

(ബി) 1998 ആഗസ്റ്റ് മാസം 20-ാം തീയതി എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്ത ദിവസം മുതൽ.

(സി) സ്വകാര്യ ഉടമസ്ഥതയിലുള്ള ഈ എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് അതിന്റെ ഇപ്പോഴത്തെ ഉടമസ്ഥനെക്കൊണ്ടുതന്നെ എസ്റ്റേറ്റ് തുറന്നു പ്രവർത്തിപ്പിക്കുവാനും അവി

LIBRARY ARCHIVES Kerala Legislative Assembly